# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 622

12.06.2012-ൽ മറുപടിക്ക്.

## അതിവേഗ റെയിൽപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പ്പാതസ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നോഡൽ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | (എ) അതിവേഗ റെയിൽപ്പാത നിർമ്മിക്കുന്നതിന്റെ അന്തിമ രൂപരേഖ തയ്യാറാക്കിവരുന്നതേയുള്ളു. 11.05.2012- ലെ സ.ഉ(ആർ.ടി.)നം.722/2012/ഐ.ഡി. പ്രകാരം കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനെ നോഡൽ ഏജൻസിയായി നിയമച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതിക്കായി എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും എത്ര കുടുംബങ്ങളെഒഴിപ്പിക്കേണ്ടതായിവരും എന്നും വെളിപ്പെടുത്തുമോ. | (ബി) പ്രീ ഫീസിബിലിറ്റി റിപ്പോർട്ടനുസരിച്ച് ഈ പദ്ധതിക്കായി ഉദ്ദേശം 794 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നും 4500 കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടി വരുമെന്നും കണക്കാക്കിയിട്ടുണ്ട്. |
| (സി) പുതിയ പാതയുടെ അലൈൻമെന്റ്, ഏറ്റെടുക്കുന്ന സ്ഥലം, പുനരധിവാസ പാക്കേജ് എന്നിവ സംബന്ധിച്ച് ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ മാക്കുമോ; | (സി) തയ്യാറാകുന്നതേയുള്ളു. |
| (ഡി) ഈ പദ്ധതി എത്ര കാലം കൊണ്ട്പൂർത്തിയാക്കാനാണുദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി)ആവശ്യമായ അംഗീകാരം ലഭിച്ചതിനുശേഷം 7 വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ